# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1166 — 13.06.13 ൽ - മറുപടിക്ക്

## സംയോജിത പൊതു വിതരണ സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ ;<br>,, സി.പി.മുഹമ്മദ് ;<br>,, ആർ. സെൽവരാജ് ;<br>,, പി.സി.വിഷ്ണുനാഥ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സമ്പൂർണ്ണ ബയോ മെട്രിക് ഐഡന്റി ഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതു വിതരണ സമ്പ്ര ദായം നടപ്പിലാക്കാനുദ്ദേശിക്കുന്നു ണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ഈ പദ്ധതി ചുവടെ പറയുന്ന പ്രകാരം നാല് ഘട്ടങ്ങളായി തിരിച്ച് നടപ്പിലാക്കുന്നതിനാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.<br>1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക.<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെ യുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക<br>3. യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയ മായി തിരിച്ചറിഞ്ഞ് റേഷൻകടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.<br>4. ഗുണഭോക്താക്കൾക്ക് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക. |
| (ബി) ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർ ത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പൊതുവിതരണ സംവിധാനത്തിലെ കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും, തിരിമറി-യും, മറിച്ചുവിൽപ്പനയും പൂർണ്ണമായും തടയാൻ ഈ പദ്ധതി നടപ്പിലാക്കുന്ന തിലൂടെ സാധിക്കുന്നു. റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിതമായി പ്രവർത്തി ക്കുന്ന പോയിന്റ് ഓഫ് സെയിൽ (PoS) സംവിധാനം ഏർപ്പെടുത്തുകയും യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് അയാൾ ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും റേഷൻകടകളിലൂടെ നൽകുവാൻ സാധിക്കു ന്നതുമാണ്. |
| (സി) പ്രസ്തുത സമ്പ്രദായത്തിന്റെ നേട്ട ങ്ങൾ വിശദമാക്കുമോ; | (സി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൊതുവിതരണ സമ്പ്രദായത്തിലെ മനുഷ്യ-പ്രയത്നം പരമാവധി കുറച്ച് സുതാര്യതയും, കൃത്യതയും ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ഡി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആദ്യത്തെ ഘട്ടമായി റേഷൻഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെയുള്ള 80,86,000 റേഷൻ കാർഡുടമകൾക്കും കമ്പ്യൂട്ടർവൽകൃത ലാമിനേറ്റഡ് റേഷൻ കാർഡുകൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള മൂന്ന് ഘട്ടങ്ങൾ നടപ്പിലാക്കുന്നതിനായി വകുപ്പ് തലത്തിൽ വിശദമായ ഒരു **Project Report** തയ്യാറാക്കിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്? | (ഇ) | ഈ പദ്ധതിയുടെ രണ്ടാമത്തെ ഘട്ടമായ **Supply Chain Management** കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരമുള്ള തുകയുടെ 50% കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുകയും സംസ്ഥാനത്തിന് അധികമായി ആവശ്യം വരുന്ന ചെലവുകൾ സംസ്ഥാനം തന്നെ വഹിക്കുകയും ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ